കേരള സർക്കാർ

# കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് മലപ്പുറം ജില്ലാ

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

e-mail: www.dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.എം.പി.എം.14/3025/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് സീനിയർ

ഡപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

മലപ്പുറം ജില്ല

തീയതി 28/01/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ 3-1 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,മലപ്പുറം

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ..എം.പി.എം.14 /3025/2016 തിയ്യതി 28/01/2017

മലപ്പുറംജില്ലയിലെ പുഴക്കാട്ടിരിഗ്രാമപഞ്ചായത്തിന്റെ

2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറംജില്ലയിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 25.10.16മുതൽ 4.11.16തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.എ.എസ് ഷാജഹാൻ | |
| | | ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 25.10.16 മുതൽ 4.11.2016വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | അബ്ദുൽ ഗഫൂർ.സി | അസി.ഓഡിറ്റ് ഓഫീസർ |
| | | മൂസ്സ.ഇ | അസി.ഓഡിറ്റ് ഓഫീസർ |
| | | ആലസ്സൻകുട്ടി.യു | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി,കക്കാട്ടിൽ സുബൈദ | 1.4.2015മുതൽ 5.11.15 വരെ |
| | | ശ്രീ. ജയറാം.പി.കെ | 6.11.15മുതൽ 31.3.16 വരെ |
| സെക്രട്ടറി | : | ശ്രീ.ഷറഫുദ്ധീൻ | 1.4.15മുതൽ 31.3.2016വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| കൃഷി ഓഫീസർ | | വിജയശ്രീ | 1.4.15 മുതൽ 31.3.16വരെ |
| ഐ.സി.ഡി.എസ് | | ഭാമിനി | 1.4.15മുതൽ 31.3.16 വരെ |
| അസി.എഞ്ചിനീയർ | | മുജീബ്റഹ്മാൻ | 1.4.15മുതൽ 31.3.16വരെ |
| വി.ഇ.ഒ | | രാജു പട്ടവിൽ | 1.4.15മുതൽ 31.3..16വരെ |
| ഹെഡ്മാസ്റ്റർ | | ഹരിദാസൻ | 1.4.15മുതൽ 31.3.16വരെ |
| വെറ്റിനറി സർജൻ | | ഡോ.സവിത | 1.4.15മുതൽ 31.3.16വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | | ഡോ.സീമ | 1.4.15മുതൽ 31.3.16വരെ |
| മെഡിക്കൽ ഓഫീസർ | | ഫിറോസ് ഖാൻ | 1.4.15മുതൽ 9.6.15വരെ |

| | | |
|---|---|---|
| (സി.എച്ച്.സി) | ഷബാന ഷംസ് | 10.6.15 മുതൽ 31.3.2016 |
| ക്ഷീരവികസന ഓഫീസർ | ഷെറിൻ പി.ജോർജ് | 1.4.2015 മുതൽ 2.3.2016(FN) വരെ |
| | സജിനി | 2.3.2016 (AN) മുതൽ 31.3.2016 വരെ |
| അസി.സെക്രട്ടറി | രത്നമ്മ | 1.4.15മുതൽ 31.5.15വരെ |
| | ഒഴിവ് | 1.6.15 30.6.15 |
| | രാജലക്ഷ്മി പിള്ള | 1.7.15മുതൽ 20.8.15വരെ |
| | പി.ശ്രീകുമാർ | 21.8.15 മുതൽ 31.3.16വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | വസ്തു നികുതി കുറവായി ഈടാക്കി | 2-1 | |
| 13 | ബിൽഡിംഗ് പെർമിറ്റ് -അപാകതകൾ | 2-2 | |
| 14 | D&O ലൈസൻസ് ഫീസ് പിരിവ് - അപാകതകൾ | 2-3 | |
| 15 | തൊഴിൽ നികുതി പിരിവ് അപാകതകൾ | 2-4 | |
| | ഭാഗം 3 | | |
| 16 | സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതി-പഞ്ചായത്ത് ഓഫീസ് നവീകരണം- ചട്ടങ്ങൾ പാലിച്ചില്ല | 3-1 | |
| 17 | ചെലവുകൾക്കാധാരമായ രേഖകൾ ഹാജരാക്കിയില്ല തുക തടസ്സം ചെയ്യുന്നു | 3-2 | |
| 18 | ബാലസഭ ചെലവ്ചെയ്യാത്ത തുക തിരിച്ചടവ് സംബന്ധിച്ച് | 3-3 | |
| 19 | പദ്ധതിപ്പണം ചെലവഴിക്കുന്നതിൽ കൂടുതൽ ശ്രദ്ധിക്കേണ്ടത് -സംബന്ധിച്ച് | 3-4 | |
| 20 | ഭവന നിർമ്മാണം. ധനസഹായം കൈപറ്റിയ ഗുണഭോക്താവ് കരാർ രജിസ്റ്റർ ചെയ്തില്ല | 3-5 | |

| | | | |
|---|---|---|---|
| 21 | മരുന്ന് വാങ്ങൽ-അപാകതകൾ | 3-6 | |
| 22 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണം; ഒരു വിശകലനം | 3-7 | |
| 23 | പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന പട്ടികജാതി വിഭാഗങ്ങളിൽ പെട്ട കുട്ടികൾക്ക് ലാപ്ടോപ്പ്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-8 | |
| 24 | വിനിയോഗ സാക്ഷ്യ പത്രം / രസീത് ഹാജരാക്കിയില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു | 3-9 | |
| 25 | നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ ബാങ്ക് അക്കൗണ്ട്. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധം. തുക തിരിച്ചടവാക്കേണ്ടതാണ്. | 3-10 | |
| 26 | റോഡ് പ്രവൃത്തികൾ സോളിങ്ങ് പ്രവൃത്തിയിൽ അവസാനിപ്പിക്കുന്നു | 3-11 | |
| 27 | പരിരക്ഷ – മാർഗ്ഗരേഖ പാലിക്കാതെ ചെലവ് ചെയ്യുന്നു | 3-12 | |
| 28 | നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം. മുഴുവൻ തുകയും യഥാസമയം അടവാക്കിയില്ല | 3-13 | |
| 29 | GI പൈപ്പിന് അധിക നിരക്ക് നൽകി. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 7178 രൂപ അടവാക്കി | 3-14 | |
| | ഭാഗം-4 | | |
| 30 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 31 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 33 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 35 | ഓഡിറ്റ് റിക്കവറി | 4-6 | |
| 36 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 26.03.15 തിയതിയിലെ 1ാം തീരുമാനപ്രകാരം അംഗീകരിച്ചു.

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ ഉണ്ടാകുന്നില്ല

2011 -ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജ്) ചട്ടങ്ങൾ ചട്ടം 26(1), ആക്ടിലെ 207 വകുപ്പ് (1) ഉപവകുപ്പ് എന്നിവ പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടില്ലാത്ത ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന് പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം,ജലവിതരണം തെരുവു വിളക്കുകളും ഡ്രൈനേജും സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ,ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. എന്നാൽ തെരുവ് വിളക്ക് ജലവിതരണം എന്നീ സേവനങ്ങൾക്ക് തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും, ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുതകുന്ന ഇത്തരത്തിലുള്ള നികുതികൾ ചുമത്തുന്നതിന് ഉദ്യോഗസ്ഥ തലത്തിലോ

ഭരണസമിതിയുടെ ഭാഗത്തുനിന്നോ യാതൊരു നടപടിയും കൈകൊണ്ടിട്ടില്ല. അതുപോലെ പരസ്യ നികുതി ചുമത്തുന്നതായി കാണുന്നില്ല. സർക്കാർ നിർദ്ദേശപ്രകാരമുള്ള നികുതികൾ ചുമത്തി തനത് വരുമാനം വർദ്ധിപ്പിക്കാൻ നടപടി കൈകൊള്ളേണ്ടതാണ്.

ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ ഡിമാൻറും തമ്മിൽ വലിയ വ്യത്യാസം

2015-16 ലെ ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ ഡിമാൻറും തമ്മിൽ വലിയ വ്യത്യാസം കാണുന്നു. വിശദവിവരം ചുവടെ

| ക്രമ നം | ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ ഡിമാൻറ് | വ്യത്യാസം |
|---|---|---|---|---|
| 1 | വസ്തു നികുതി | 3500000 | 3038134 | 461866 |
| 2 | തൊഴിൽ നികുതി | 3000000 | 2227450 | 772550 |
| 3 | D&O | 100000 | 73150 | 26850 |
| 4 | പെർമിറ്റ് ഫീ | 100000 | 73717 | 26283 |

ബജറ്റ് നിർദ്ദേശത്തേക്കാളും വളരെ കുറഞ്ഞ തുകയാണ്. ഡിമാന്റായി ഉൾപ്പെടുത്തുന്നത്. ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്ത രീതിയിലാണ് തയ്യാറാക്കുന്നത് എന്ന് മേൽ പട്ടികയിൽ നിന്നും വ്യക്തമാണ്. ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നരീതിയിൽ തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 15/05/2016 | 30/06/2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 28.10.2016 | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു. |

വാർഷിക കണക്കുകളിലെ അപാകതകൾ

1. *വസ്തുനികുതി ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. വസ്തുനികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കുകളിലെ തുകകളുമായി ഒത്തുനോക്കാൻ കഴിഞ്ഞിട്ടില്ല.*

2. *എം.ജി.എൻ.ആർ.ഇ.ജി.എസ് അക്കൗണ്ടിലെ ഇ.എഫ് എം.എസ് പ്രകാരമുള്ള* വരവ് 6595056 രൂപ വാർഷിക കണക്കിൽ ഉൾപെടുത്തിയിട്ടില്ല.

3. സാമൂഹ്യ സുരക്ഷ പെൻഷൻ തുകകൾ വാർഷിക കണക്കിൽ ഉൾപെടുത്തിയിട്ടില്ല.

4.VPFA-II,മെയിന്റനൻസ് ഗ്രാന്റ്, ലോക ബാങ്ക്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലുള്ള വരവ് തുകകൾ ചുവടെ കാണും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | AFS പ്രകാരം | ACRപ്രകാരം |
|---|---|---|
| VPFA-IIA | 4796422 | 13517454 |
| VPFA- SCP | 2389085 | 2798000 |
| മെയിന്റനൻസ് ഗ്രാന്റ് -റോഡ് | 2800954 | 3876000 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | 1760367 | 2505000 |

| | | |
|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5864299 | 4220476 |
| ലോക ബാങ്ക് ധനസഹായം | 118782 | 0 |

5. RP-4, ഷെഡ്യൂളുകളിലെ വരവിനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല5.പിരിഞ്ഞ് കിട്ടാനുള്ളവയിൽ സംശയാസ്പദമായ തുകകൾക്ക് പ്രൊവിഷൻ വെച്ചിട്ടില്ല.

6.മുൻ വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല

7. വി.ഇ.ഒ ,അസിസ്റ്റന്റ് എഞ്ചിനീയർ, GUPസ്കൂൾ പനങ്ങാങ്ങര ഹെഡ് മാസ്റ്റർ എന്നീ നിർവ്വഹമ ഉദ്യോഗസ്ഥരുടെ പേരിൽ പേരിൽ കേരള ഗ്രാമീൺ ബാങ്ക് പുഴക്കാട്ടിരി ശാഖയിലുള്ള അക്കൗണ്ടുകകളിലെ നീക്കിബാക്കി തുകകൾ വാർഷിക കണക്കിൽ ഉൾപെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അക്കൗണ്ട് നമ്പർ | നീക്കി ബാക്കി |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 40245100106478 | 51201 (1.2.2016) |
| വി.ഇ.ഒ | 40245100105537 | 93026 ( „ ) |
| ഹെഡ് മാസ്റ്റർ. ജി.യു.പി സ്കൂൾ പനങ്ങാങ്ങര | 40245100106398 | 18670 ( „ ) |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -21992825

വരവ് -34797418

ആകെ -56790243

ചെലവ് -41841156

നീക്കിയിരിപ്പ്-14949084

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം | ട്രാൻസ്ഫർ ക്രെഡിറ്റ് |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 971004 | 10316151 | 14488458 | 8959729 | 5528729 | 61.8 | 3201303 |
| വികസനഫണ്ട് എസ്.സി.പി. | 663915 | 3143196 | 3461915 | 2707804 | 745111 | 78.2 | (-) 345196 |
| വികസനഫണ്ട് ടി.എസ്.പി. | - | - | - | - | - | - | |
| സംരക്ഷണഗ്രാന്റ് റോഡ് | 391420 | 3876000 | 4267420 | 3192374 | 1075046 | 74.8 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1341123 | 2505000 | 3846123 | 3101490 | 744633 | 80.64 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 878424 | 6946995 | 5098900 | 4016204 | 1082696 | 78.77 | (-)2726519 |
| പെർഫോമൻസ് ഗ്രാന്റ് | 2947685 | 120588 | 2947685 | 2945879 | 1806 | 99.94 | (-)120588 |
| എം.എൻ.ആർ.ഇ.ജി.എസ്. | 17724 | 6813365 | 6831089 | 6830487 | 602 | 99.9 | |
| ബി ഫണ്ട് | - | 27964465 | 27964465 | 27964465 | | | |

## 1-6. പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 168 | 49319022 | 140 | 33831038 | 3 | 25 | 83.33 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 19ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6106936 | 4962603 | 1144333 | 18.73 |
| നികുതിയേതര വരവുകൾ | 1442274 | 723963 | 718311 | 50 |
| മറ്റുവരവുകൾ | | 369106 | | |
| ആകെ | 7549210 | 6055672 | 1493538 | 19.7 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 107280 | 63 |
| കർഷകതൊഴിലാളി പെൻഷൻ | 3060540 | 373 |
| വിധവാപെൻഷൻ | 11902720 | 1056 |
| വാർദ്ധക്യകാലപെൻഷൻ | 8352720 | 952 |
| വികലാംഗപെൻഷൻ | 3777005 | 350 |
| 50 വയസ്സ് കഴിഞ്ഞവർക്കുള്ള അവിവാഹിത പെൻഷൻ | 764200 | 71 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.10.16 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 23631രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഇൻകുമ്പൻസി രജിസ്റ്റർ,ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.വസ്തുനികുതി ഡിമാൻറ് സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല,ഹെഡ്മാസ്റ്റർ,ഐ.സി.ഡി.എസ്,വി.ഇ.ഒ എന്നിവർ TR 7A ക്യാഷ് ബുക് സൂക്ഷിച്ചിട്ടില്ല

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.3.16 മുതൽ 28.3.2016 | 1.2.2016 മുതൽ | 3.8.2016 |

| | | | |
|---|---|---|---|
| | | 31.5.2016 | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28/11/2009 മുതൽ 11/12/2009 വരെ | 2004 – 05 മുതൽ 2008-09 വരെ | 11/01/2010 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി കുറവായി ഈടാക്കി

ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷ വസ്തു നികുതി പിരിവ് പരിശോധനയിൽ താഴെ പറയുന്ന കെട്ടിട ഉടമകളിൽ നിന്നും ജി.ഒ.(പി) നമ്പർ19/2011/ത.സ്വ.ഭ.വ.തിയതി 4-1-2011 പ്രകാരമുള്ള വസ്തു നികുതി ഈടാക്കിയിട്ടില്ല.കാരണം വിശദീകരിക്കേണ്ടതാണ്

| ഉടമ | വിസ്തീർണ്ണം/തരം | ഈടാക്കേണ്ടPT+LC | ഈടാക്കിയPT+LC | കുറവ്-PT | കുറവ്-LC |
|---|---|---|---|---|---|
| ശ്രീ.മുഹമ്മദ് മുസ്തഫ 7/512A | 117.53 m2 (വാണിജ്യം) പ്രാഥമികം. | 117.53*50= 5876+ 587(10% നിയമാനുസൃത വർദ്ധനവ്)=6463 PT+323LC | 5642+284 Rt.No.11501101367/2--7-15 | 821 | 39 |
| ശ്രീമതി.സാജിത 15/590-B | 208.4 m2 വാണിജ്യം) പ്രാഥമികം. (ബേക്കറി പ്രോഡക്ഷൻ യൂണിറ്റ്) | 208.4*40=8336+1667 നിയമാനുസൃത വർദ്ധനവ് 20%-833(നിയമാനുസൃത ഇളവ് 10%)=9169PT+458LC | 2293+115 Rt.No.115121031667/9-3-16 | 6876 | 343 |
| ശ്രീ.അബ്ദുൾഖാദർ15/285A | 18.83 m2,(വാണിജ്യം) പ്രാഥമികം | 18.83*30=564+ 28/-((50% നിയമാനുസൃത വർദ്ധനവ്)=846PT+42 LC | 678+34 Rt.No.11512101249/6-10-15 | 168 | 8 |
| ശ്രീ.അബ്ദുൾഖാദർ15/285B | 18.83 m2,(വാണിജ്യം) പ്രാഥമികം | 18.83*30=564+ 28/-((50% നിയമാനുസൃത വർദ്ധനവ്)=846PT+42 LC | 678+34 Rt.No.11512101250/6-10-15 | 168 | 8 |
| ശ്രീ.അബ്ദുൾഖാദർ15/285C | 18.83 m2,(വാണിജ്യം) പ്രാഥമികം | 18.83*30=564+ 28/-((50% നിയമാനുസൃത വർദ്ധനവ്)=846PT+42 LC | 678+34 Rt.No.11512101251/ 6-10-15 | 168 | 8 |
| ശ്രീ.അബ്ദുൾഖാദർ15/285D | 18.83 m2,(വാണിജ്യം) പ്രാഥമികം | 18.83*30=564+ 28/-((50% നിയമാനുസൃത വർദ്ധനവ്)=846PT+42 LC | 678+34 Rt.No.11512101252/ 6-10-15 | 168 | 8 |
| ശ്രീ.അബ്ദുൾഖാദർ15/285E | 18.83 | 18.83*30=564+ | 678+34 | 168 | 8 |

| | | | | | |
|---|---|---|---|---|---|
| | m2,(വാണിജ്യം) പ്രാഥമികം | 28/-((50% നിയമാനുസൃത വർദ്ധനവ്)=846PT+42 LC | Rt.No.1151210l253/ 6-10-15 | | |
| ശ്രീ.അബ്ദുൾഖാദർ15/285F | 18.83 m2,(വാണിജ്യം) പ്രാഥമികം | 18.83*30=564+ 28/-((50% നിയമാനുസൃത വർദ്ധനവ്)=846PT+42 LC | 678+34 Rt.No.1151210l254/ 6-10-15 | 168 | 8 |
| ശ്രീ.അബ്ദുൾഖാദർ15/285G | 23.51 m2,(വാണിജ്യം) പ്രാഥമികം | 23.51*30=705+ 35/-((50% നിയമാനുസൃത വർദ്ധനവ്)=1058PT+52 LC | 846+41 Rt.No.1151210l255/ 6-10-15 | 212 | 11 |
| ശ്രീ.അബ്ദുൾഖാദർ15/285H | 23.51 m2,(വാണിജ്യം) പ്രാഥമികം | 23.51*30=705+ 35/-(50% നിയമാനുസൃത വർദ്ധനവ്)=1058PT+52 LC | 846+41 Rt.No.1151210l256/ 6-10-15 | 212 | 11 |
| ശ്രീ.അബ്ദുൾഖാദർ15/285I | 23.51 m2,(വാണിജ്യം) പ്രാഥമികം | 23.51*30=705+ 35/-(50% നിയമാനുസൃത വർദ്ധനവ്)=1058PT+52 LC | 846+41 Rt.No.1151210l256/ 6-10-15 | 212 | 11 |
| ശ്രീ.അബ്ദുൾഖാദർ15/285J | 23.51 m2,(വാണിജ്യം) പ്രാഥമികം | 23.51*30=705+ 35/-(50% നിയമാനുസൃത വർദ്ധനവ്)=1058PT+52 LC | 846+41 Rt.No.1151210l257/ 6-10-15 | 212 | 11 |
| ശ്രീ.അബ്ദുൾഖാദർ15/285K | 23.51 m2,(വാണിജ്യം) പ്രാഥമികം | 23.51*30=705+ 35/-(50% നിയമാനുസൃത വർദ്ധനവ്)=1058PT+52 LC | 846+41 Rt.No.1151210l258/ 6-10-15 | 212 | 11 |
| ശ്രീ.അബ്ദുൾഖാദർ15/285L | 23.51 m2,(വാണിജ്യം) പ്രാഥമികം | 23.51*30=705+ 35/-(50% നിയമാനുസൃത വർദ്ധനവ്)=1058PT+52 LC | 846+41 Rt.No.1151210l259/ 6-10-15 | 212 | 11 |
| ശ്രീ.അബ്ദുൾഖാദർ15/285M | 23.51 m2,(വാണിജ്യം) പ്രാഥമികം | 23.51*30=705+ 35/-(50% നിയമാനുസൃത വർദ്ധനവ്)=1058PT+52 LC | 846+41 Rt.No.1151210l260/ 6-10-15 | 212 | 11 |
| ആകെ | | | | 10189 | 507 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/3-11-16 ന് മറുപടി നൽകിയിട്ടില്ല. ഈ വിഷയത്തിൽ പ്രസ്തുത തുക കുറവായി ഈടാക്കിയതിന് ആദ്യമറുപടിയിൽ തന്നെ വിശദീകരണം ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതുമാണ്.

## 2-2 ബിൽഡിംഗ് പെർമിറ്റ് -അപാകതകൾ

1)ബിൽഡിംഗ് പെർമിറ്റ് ഫീസ് കുറവായി ഈടാക്കി

ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷ ബിൽഡിംഗ് പെർമിറ്റ് പരിശോധനയിൽ താഴെ പറയുന്ന കെട്ടിട ഉടമകളിൽ നിന്നും കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 പ്രകാരമുള്ള പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല.വിശദ വിവരം താഴെ

| ഉടമ | വിസ്തീർണ്ണം/തരം | ഈടാക്കേണ്ടത് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| ശ്രീ.കുഞ്ഞിമുഹമ്മദ് | 376.9 m2(Special Residence) | 376.9*5=1885 | 1130 Rt.No.11512101481/13-11-15 | 755 |
| പലകപ്പറമ്പ നൂറുൽ ഇസ്ലാം മദ്രസ | 586.66 m2 വാണിജ്യം | 586.66*5=2933 | ഈടാക്കിയിട്ടില്ല | 2933 (പെർമിറ്റ് നമ്പർ-3/15-16/21-4-16) |
| ശ്രീ.നാസർ | 174.11 m2 വാസഗൃഹം | 174.11*3=522 | ഈടാക്കിയിട്ടില്ല | 522(പെർമിറ്റ് നമ്പർ-24/15-16/14-7-15) |
| ഇർഷാദുസുബിയാൻ മദ്രസ | 80.64 m2 വാണിജ്യം | 80.64*5=403 | ഈടാക്കിയിട്ടില്ല | 403(പെർമിറ്റ് നമ്പർ-89/15-16/15-2-16) |
| ആകെ | | | ഈടാക്കിയിട്ടില്ല | 4613 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/1-11-16 ന് മറുപടി നൽകിയിട്ടില്ല. മേൽപ്പറഞ്ഞതുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

2) ബിൽഡിംഗ് പെർമിറ്റ് അനുവദിക്കാൻ കാലതാമസം

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 14 പ്രകാരം കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷലഭിച്ച്30 ദിവസത്തിനുള്ളിൽ കെട്ടിടനിൽമ്മാണം അംഗീകരിച്ച്/നിരസിച്ച് ഗ്രാമ പഞ്ചായത്ത്സെക്രട്ടറി അറിയിപ്പ് നൽകേണ്ടതാണ് എന്ന് നിർദേശിച്ചിട്ടുണ്ട്.എന്നാൽ ഗ്രാമ പഞ്ചായത്തിൽ താഴെ പറയുന്ന അപേക്ഷകരുടെ കാര്യത്തിൽ ഈ നിർദേശം പാലിച്ചതായി കാണുന്നില്ല.

| അപേക്ഷകന്റെ പേര് | അപേക്ഷ സ്വീകരിച്ച നമ്പർ/തിയതി |
|---|---|
| ശ്രീ മുഹമ്മദാലി | 1021/16/23-2-16 |
| ശ്രീ കുഞ്ഞിമുഹമ്മദ് | 971/16/22-2-16 |
| ശ്രീ മുഹമ്മദാലി | 913/16/19-2-16 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/1-11-16 ന് മറുപടി നൽകിയിട്ടില്ല. നിശ്ചിത കാലയളവിന് ശേഷവും അപേക്ഷ നിരസിക്കുകയോ പെർമിറ്റ് അനുവദിക്കുകയോ ചെയ്യാത്തത് ചട്ടലംഘനമാണ്. ആയതിനാൽ വിശദമായ മറുപടി ലഭ്യമാക്കേണ്ടതും ഭാവിയിൽ ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-3 D&O ലൈസൻസ് ഫീസ് പിരിവ് - അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷ D&O ലൈസൻസ് ഫീസ് പിരിവ് പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു .

1) 2015-16 വർഷത്തിൽ ഗ്രാമ പഞ്ചായത്ത് 146 വാണിജ്യ സ്ഥാപനങ്ങൾക്ക് നമ്പർ അനുവദിച്ചിട്ടുണ്ടെങ്കിലും കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205(ബി) പ്രകാരം അത്തരം കെട്ടിടങ്ങൾ ഉപയോഗിക്കുന്നവരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് സ്ഥാപനത്തിന് നോട്ടീസ് നൽകുകയോ D&O ലൈസൻസ് ഫീസ്,തൊഴിൽ നികുതി എന്നിവ ഈടാക്കുകയാ ചെയ്തിട്ടില്ല.

2)മിക്ക സ്ഥാപന ഉടമകളും അപേക്ഷകളിൽ വിറ്റ് വരവ് രേഖപ്പെടുത്തുന്നില്ല.ആയതിനാൽ യഥാർത്ഥ വിറ്റ് വരവിന്റെയടിസ്ഥാനത്തിൽ D&O ലൈസൻസ് ഫീസ് നിർണ്ണയിക്കാനും പിരിച്ചെടുക്കാനും ഗ്രാമപഞ്ചായത്ത് അധികൃതർക്ക് കഴിഞ്ഞിട്ടില്ല.

3)ചില അപേക്ഷകളിൽ അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പാർട്ട് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ യഥാർത്ഥ വിറ്റ്

വരവിന്റെയടിസ്ഥാനത്തിൽ D&O ലൈസൻസ് ഫീസ് നിർണ്ണയിക്കാനും പിരിച്ചെടുക്കാനും ഗ്രാമപഞ്ചായത്ത് അധികൃതർക്ക് സാധിച്ചിട്ടില്ല.

4)ചില അപേക്ഷകളിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പാർട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5) താഴെ പറയുന്ന സ്ഥാപന ഉടമയിൽ നിന്നും മാത്രം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 233 ചട്ടം17 പട്ടിക III പ്രകാരമുള്ള വൈദ്യുതി കൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രികൾ സ്ഥാപിക്കുന്നതിനുള്ള ഫീസ് കുറവായി ഈടാക്കി

| ഉടമ | യന്ത്രത്തിന്റെ കുതിര ശക്തി | ഈടാക്കേണ്ട ലൈസൻസ് ഫീസ് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| ശ്രീ.പി.കെ നജീബ് 9/607(പ്ലാസ്റ്റിക് ക്യാരീ ബാഗ് നിർമ്മാണം) | 72 HP | 1000 | 200 Rt.No11501101211/19-6-15 | 800 |
| | | | ആകെ | 800 |

6) താഴെ പറയുന്ന സ്ഥാപന ഉടമയിൽ നിന്നും കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232 പട്ടിക II പ്രകാരമുള്ള വിറ്റുവരവിന് അനുസൃതമായ ലൈസൻസ് ഫീസ് ഈടാക്കിയില്ല.വിശദ വിവരം ചുവടെ ചേർത്തിരിക്കുന്നു.

| ഉടമ | അപേക്ഷ പ്രകാരമുള്ള വിറ്റുവരവ് | ഈടാക്കേണ്ട ലൈസൻസ് ഫീസ് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| ഷോപ്പ് മാനേജർ മാവേലി സ്റ്റോർ പനങ്ങാങ്ങര 4/279,280 | 13000 | 300 | 200 Rt.No.11401110442/21-2-15 | 100 |
| ഷോപ്പ് മാനേജർ മാവേലി സ്റ്റോർ പുഴക്കാട്ടിരി 10/447 | 10,000 | 200 | 100.Rt.No.1140111181/3-3-15 | 100 |
| ശ്രീ.എൻമോസ് ടാംടൺ 9/287-C | 500000 | 4000 | 2000 Rt.No.11501100477/27-4-15 | 2000 |
| ശ്രീ.മധു മേനോൻ 17/440 | 35000 | 1000 | 500 Rt.No.11501100603/6-5-15 | 500 |
| ശ്രീ.ജോസഫ്.എൻ.ജെ 5/123 | 50000 | 1000 | 100 Rt No.11501101134/15-6-15 | 900 |
| ആകെ | | | | 3600 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/1-11-16 ന് മറുപടി നൽകിയിട്ടില്ല. ചട്ടവിരുദ്ധമായി മേൽസൂചിപ്പിച്ച ലൈസൻസികളിൽ നിന്നും ലൈസൻസ് ഫീ കുറവായി ഈടാക്കിയതിനാൽ നഷ്ട തുക 4400 ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി പിരിവ് അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷ തൊഴിൽ നികുതി പിരിവ് പരിശോധനയിൽ താഴെ പറയുന്ന കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.കാരണം വിശദീകരിക്കേണ്ടതാണ്

| പേര് | ഈടാക്കേണ്ട അർദ്ധ വർഷം/വരുമാനം | ഈടാക്കേണ്ടത് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| ഡോ.അജിത് പ്രസാദ്.പ്രഫസർ. എം.ഇ.എസ്. മെഡിക്കൽ കോളേജ് | 2015-16 ഒന്നാംഅർദ്ധ വർഷം 1,46,667 | 1250 | 750 Rt.No.11512100901/29-9--15 | 500 |
| ഡോ. റഹീസ,പ്രഫസർ. എം.ഇ.എസ്. മെഡിക്കൽ കോളേജ് | 2015-16 ഒന്നാംഅർദ്ധ വർഷം 68200 | 600 | -450 Rt.No.11512100901/29-9--15 | 150 |
| ആകെ | | | | 650 |

2) സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും ആയവ അടവാക്കിയതായി കാണുന്നില്ല.

| സ്ഥാപനം | ഈടാക്കേണ്ട അർദ്ധ വർഷം | ഡിമാന്റ് ചെയ്ത തൊഴിൽ നികുതി(ഡിമാന്റ് രജിസ്റ്റർ പ്രകാരം) |
|---|---|---|
| ബ്രാഞ്ച് പോസ്റ്റ് ഓഫീസ് രാമപുരം | 2015-16-ഒന്നാംഅർദ്ധ വർഷം | 1800 |
| ബ്രാഞ്ച് പോസ്റ്റ് ഓഫീസ് കടുങ്ങപുരം | 2015-16-ഒന്നാംഅർദ്ധ വർഷം | 1080 |
| അസി.എഞ്ചിനിയർ LSGD Section | 2015-16-ഒന്നാംഅർദ്ധ വർഷം | 3750 |
| കനറാ ബേങ്ക് രാമപുരം | 2015-16-രണ്ടാംഅർദ്ധ വർഷം | 5750 |
| MGNREGS മങ്കട ബ്ലോക്ക് | 2015-16-രണ്ടാംഅർദ്ധ വർഷം | 1350 |
| കെയർ വെൽ ക്ലിനിക്ക് പടപറമ്പ | 2015-16-രണ്ടാംഅർദ്ധ വർഷം | 6120 |
| അൽ ഹിലാൽ സ്കൂൾ പടപ്പറമ്പ | 2015-16-രണ്ടാംഅർദ്ധ വർഷം | 6120 |
| ആകെ | | 25970 |

3) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തോഴിൽ നികുതി ഈടാക്കിയില്ല.

| സ്ഥാപനം | ഈടാക്കേണ്ട അർദ്ധ വർഷം | ഡിമാന്റ് ചെയ്ത തൊഴിൽ നികുതി(ഡിമാന്റ് രജിസ്റ്റർ പ്രകാരം) |
|---|---|---|
| കനറാബേങ്ക് രാമപുരം | 2015-16-രണ്ടാംഅർദ്ധ വർഷം | 1250 |
| കോട്ടക്കൽ കോ ഓപ്പറേറ്റീവ് അർബൻ ബാങ്ക് | 2015-16-ഒന്ന്, രണ്ട്അർദ്ധ വർഷം | 2500 |
| | | 3750 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12/4-11-16 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞപ്രകാരം ഈടാക്കേണ്ട തുക 30370/- രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതി-പഞ്ചായത്ത് ഓഫീസ് നവീകരണം-ചട്ടങ്ങൾ പാലിച്ചില്ല

2015-16 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പഞ്ചായത്ത് ഓഫീസ് നവീകരണവുമായി ബന്ധപ്പെട്ട 3 പ്രവർത്തികൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

I. പഞ്ചായത്ത് ഓഫീസ് ഇലക്ട്രിഫിക്കേഷൻ,നെറ്റ് വർക്ക്.ജിപ്സം സീലിംഗ്
പ്രൊജക്ട് നം. SO316/16
കരാറുകാരൻ - മുഹമ്മദ് ഷാഫി -എസ്റ്റിമേറ്റ് റേറ്റ്
വൗച്ചർ നം. 21500394/23.9.15
ബിൽ നം. 6/15-16 തി.23.9.2105 തുക 407888
എഗ്രിമെന്റ് നം.5/28.7.15

II. സെക്രട്ടറി,അസി.സെക്രട്ടറി എന്നിവരുടെ ക്യാബിൻ പ്രവർത്തിയും റെക്കാർഡ് റൂം തയ്യാറാക്കലും
പ്രൊജക്ട് നം. SO175/16
കരാറുകാരൻ - മുഹമ്മദ് ഷാഫി -എസ്റ്റിമേറ്റ് റേറ്റ്
വൗച്ചർ നം. 21500395/23.9.15
ബിൽ നം. 10/15-16 തി.23.9.2105 തുക 343024
എഗ്രിമെന്റ് നം.3/28.7.15

III പ്രസിഡന്റ് ഓഫീസ്,മെയിൻ ഓഫീസ് എന്നിവയുടെ നവീകരണം
പ്രൊജക്ട് നം. SO176/16
കരാറുകാരൻ - മുഹമ്മദ് ഷാഫി -എസ്റ്റിമേറ്റ് റേറ്റ്
വൗച്ചർ നം. 21500396/23.9.15
ബിൽ നം. 7/15-16 തി.23.9.2105 തുക 376185
ബിൽ നം. 8/15-16 തി.23.9.2105 തുക 72309

------------------------

ആകെ 448494
എഗ്രിമെന്റ് നം.4/28.7.15

<u>അപാകതകൾ</u>

1.കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് )ചട്ടങ്ങൾ 6 പ്രകാരം വിശദമായ പ്ളാനും എസ്റ്റിമേറ്റും പഞ്ചായത്ത് എഞ്ചിനീയറുടെ മേൽ നോട്ടത്തിൽ തയ്യാറാക്കേണ്ടതാണെന്നിരിക്കെ,ഗ്രാമപഞ്ചായത്തിൽ അസി.എഞ്ചിനീയർ ഉണ്ടായിട്ടും മേൽ മൂന്ന് പ്രവർത്തികളുടെയും എസ്റ്റിമേറ്റ് ,ഷഫീക് എം എന്ന സ്വകാര്യ എഞ്ചിനീയറാണ് തയ്യാറാക്കിയിട്ടുള്ളത്.

2. മേൽ പ്രവർത്തികൾക്കെല്ലാം ചട്ടപ്രകാരം അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്ന് സാങ്കേതിക അനുമതി വാങ്ങണമെന്നിരിക്കെ,അത്തരത്തിൽ സാങ്കേതിക അനുമതി നൽകാൻ അധികാരമുള്ള അസി.എക്സിക്യൂട്ടീവ് എഞ്ചീനീയർ ഉണ്ടായിട്ടും, എസ്റ്റിമേറ്റിന് സാങ്കേതികാനുമതി വാങ്ങാതെ PWD അസി.എഞ്ചിനീയർ, ബിൽഡിംഗ് വിഭാഗം കൊണ്ടോട്ടിയിൽ നിന്നും കൗണ്ടർസൈൻ ചെയ്ത് വാങ്ങുകയാണ് ചെയ്തിട്ടുള്ളത് .

3.അളവുകൾ എം.ബുക്കിൽ രേഖപ്പെടുത്തുകയോ, ചെക്ക് മെഷർ ചെയ്യുകയോ ചെയ്യാതെ കരാറുകാരൻ ഹാജരാക്കിയ ടിയാളുടെ സ്ഥാപനത്തിന്റെ ബില്ല്(സഫ ഇന്റീരിയർ ) പ്രകാരം 3 പ്രവർത്തികളുടെയും തുക താഴെപ്പറയും പ്രകാരംനൽകുകയാണ് ചെയ്തിട്ടുള്ളത്.

a)ബിൽ നം . 13&14 തുക 407888 (14.5%വാറ്റ് ഉൾപ്പെടെ)
b) ബിൽ നം .8 തുക 343024 ,,
c) ബിൽ നം .9,10,11,12 തുക 448494 ,,

4.കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് )ചട്ടങ്ങൾ 14 പ്രകാരം ഏതൊരു പൊതുമരാമത്ത്

പണിയും പഞ്ചായത്ത് എഞ്ചിനീയറുടെയോ അദ്ദേഹം ചുമതലപ്പെടുത്തിയിട്ടുള്ള മറ്റ് സാങ്കേതിക ഉദ്യോഗസ്ഥൻമാരുടെയോ നേരിട്ടുള്ള നിയന്ത്രണത്തിലും നടത്തേണ്ടതാണെന്നിരിക്കെ, അസി.എഞ്ചിനീയർ അളവെടുത്ത് ,അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക്മെഷർ ചെയ്ത് മൂല്യനിർണ്ണയം ചെയ്യേണ്ടതിന് പകരം യാതൊരു അളവെടുപ്പും കൂടാതെ അസി.എഞ്ചിനീയർ പൂർത്തീകരണസാക്ഷ്യപത്രം നൽകുകയാണ് ചെയതിട്ടുള്ളത്.

5.പഞ്ചായത്ത് ഓഫീസ് ഇലക്ട്രിഫിക്കേഷൻ,നെറ്റ് വർക്ക്.ജിപ്സം സീലിംഗ് എന്ന പ്രവർത്തിയിൽ ഉൾപ്പെട്ട ഇലക്ട്രിഫിക്കേഷൻ വർക്കിന് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്ന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങാതെ 215000 രൂപക്ക് L.S provision കൊടുത്തിരിക്കുകയും ആയത് പ്രകാരം പ്രവർത്തി നടപ്പിലാക്കുകയുമാണ് ചെയതിട്ടുള്ളത് .

6.പ്രവർത്തിയുടെ ബില്ലിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട VAT,IT,KCWWF എന്നിവ ഈടാക്കിയിട്ടില്ല.

മേൽ അപാകതകൾ ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/31.10.2016 ) മറുപടിയായി മേൽ പ്രവർത്തിക്ക് സാങ്കേതികാനുമതി ലഭിക്കാൻ നിവൃത്തിയില്ലായിരുന്നു എന്നും, യഥാർത്ഥ ചെലവ് കണക്കാക്കുന്നതിന് വേണ്ടിമാത്രമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്നും ടി പ്രവർത്തികളെല്ലാം സപ്ളൈ & ഇൻസ്റ്റലേഷൻ രൂപത്തിലാണ് ചെയ്തത് എന്നും വാങ്ങൽ രൂപത്തിലുള്ള പദ്ധതി ആയതിനാൽ അളവ് എടുക്കാതിരുന്നത് എന്നും, അതുകൊണ്ടാണ് സ്ഥാപനത്തിന്റെ ബിൽ പ്രകാരം തുക അനുവദിച്ചത് എന്നും, ബില്ലിൽ 14.5% വാറ്റ് അടക്കമുള്ള തുകയാണ് നൽകിയിട്ടുള്ളത് എന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്.

മേൽ പ്രവർത്തികളെല്ലാം തന്നെ തികച്ചും മരാമത്ത് രൂപത്തിലുള്ള പ്രവർത്തികളായിരിക്കെ, DSR, Observed ഡാറ്റ ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങി ചെയ്യേണ്ടതും അളവെടുത്ത് മൂല്യനിർണ്ണയം നടത്തി നിയമാനുസൃതം കുറവ് വരുത്തേണ്ട നികുതി/ക്ഷേമനിധിവിഹിതം എന്നിവകുറവ് വരുത്തി തുക നൽകേണ്ടതാണെന്നിരിക്കെ, ചട്ടപ്രകാരമുള്ള യാതൊരുനടപടിക്രമങ്ങളും പാലിക്കാതെയാണ് പ്രവർത്തികൾ നടപ്പിലാക്കിയിട്ടുള്ളത്. DSR, Observed ഡാറ്റ ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി അതുപ്രകാരം ടെണ്ടർ ക്ഷണിച്ച് സപ്ളൈ & ഇൻസ്റ്റലേഷൻ രൂപത്തിലാണ് പ്രവർത്തി ചെയ്തത് എന്ന മറുപടിയും അംഗീകരിക്കാവുന്നതല്ല. ചെലവു തുക 1199406(407888+343024+448494) LSGD ചീഫ് എഞ്ചിനീയറിൽ നിന്നും സാധൂകരണം ലഭ്യമാകും വരെ അംഗീകരിക്കുന്നില്ല. സാധൂകരണം ലഭ്യമാക്കാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 ചെലവുകൾക്കാധാരമായ രേഖകൾ ഹാജരാക്കിയില്ല തുക തടസ്സം ചെയ്യുന്നു

താഴെപ്പറയുന്ന ചെലവുകൾക്കാധാരമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. വിശദവിവരം ചുവടെ.

| ക്രമ നം | ചെലവു വിവരം | വൗച്ചർ നം./ബിൽ നം/തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | പത്രപരസ്യം നൽകിയത് | 2150023/ 13.7.15 | 13000 | News Advertiseres മലപ്പുറം എന്ന സ്ഥാപനത്തിന്റെ രസീത് ആണ് ഉള്ളത് പത്രത്തിന്റെ രസീത് ഇല്ല |
| 2 | ബ്ളോക് പഞ്ചായത്ത് അനുവദിച്ചതിലെ ബാക്കി തുക തിരിച്ചടച്ചത് | 21500777/8.3.16<br>215007776/8.3.16 | 9000<br>800 | രസീത് ഇല്ല |
| 3 | കിഡ്നി വെൽഫയർ സൊസൈറ്റിക്ക് സംഭാവന | 21500895/30.3.16 | 100000 | രസീത് ഇല്ല |

രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് 31/10/2016 ന് 3-ാം നമ്പറായി എൻക്വയറി നൽകിയെങ്കിലും ഓഡിറ്റ് പൂർത്തീരിക്കുന്നതു വരെ രേഖകൾ ഹാജരാക്കിയിരുന്നില്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കാത്തതിനാലും ചെലവുതുക 122800 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു

## 3-3 ബാലസഭ - ചെലവ്ചെയ്യാത്ത തുക തിരിച്ചടവ് സംബന്ധിച്ച്

പ്രൊജക്ട് നമ്പർ 194/16 ബാലസഭ നടത്തിപ്പിനായി 50000 രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച് (ബിൽ നം.19/15.3.16) കുടുംബശ്രീക്ക് നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് നം 1363/15 ത.സ്വ.ഭ.വ തി.6.5.15 പ്രകാരം 35000 രൂപ മാത്രമേ അനുവദിക്കാവൂ എന്നതിനാൽ 15000 രൂപ രസീതി നം. 1162100837/തി.11.5.16 പ്രകാരം ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. അടവാക്കിയ തുക വികസന ഫണ്ടിലേക്ക് അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.കൂടാതെ ബാലസഭയുടെ ചെലവ് പരിശോധിച്ചതിൽ ഇനിയും ചെലവഴിക്കാതെ 19195 രൂപ അവശേഷിക്കുന്നുണ്ട്. അവശേഷിക്കുന്ന തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

## 3-4 പദ്ധതിപ്പണം ചെലവഴിക്കുന്നതിൽ കൂടുതൽ ശ്രദ്ധിക്കേണ്ടത് -സംബന്ധിച്ച്

2015-16 ലെ പദ്ധതികൾക്കായി തുക വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം ചുവടെ കൊടുക്കുന്നു.

| ക്രം നം | ഫണ്ടിനം | വകയിരുത്തിയത് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | പ്ളാൻ ഫണ്ട് ജനറൽ | 10522008 | 8959729 | 88.15 |
| 2 | പ്ളാൻ ഫണ്ട് SCP | 3452915 | 2707804 | 78.42 |
| 3 | ധനകാര്യ കമ്മീഷൻ ഗ്രാൻറ് | 5098900 | 4016204 | 78.76 |
| 4 | ലോക ബാങ്ക് ധനസഹായം | 2947685 | 2945879 | 99.9 |
| 5 | പ്ളാൻ ഫണ്ട് TSP | | | |
| 6 | കേന്ദ്ര ധനസഹായം | 2791000 | 862921 | 30.9 |
| 7 | മെയിന്റനൻസ് ഗ്രാന്റ് NR | 3846123 | 3101490 | 80.6 |
| 8 | മെയിന്റനൻസ് ഗ്രാന്റ് R | 4267420 | 3192374 | 74.8 |
| 9 | തനത് ഫണ്ട് | 6834671 | 5351557 | 78.3 |
| 10 | ബ്ളോക്ക് വിഹിതം | 809800 | 309800 | 38.2 |
| 11 | ജില്ലാ പഞ്ചായത്ത് വിഹിതം | - | - | -- |
| 12 | മറ്റുള്ളവ | 2748500 | 2383280 | 86.7 |

78.09% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.ലഭ്യമായ ഫണ്ടുകൾ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് സമയബന്ധിതമായി ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 ഭവന നിർമ്മാണം. ധനസഹായം കൈപറ്റിയ ഗുണഭോക്താവ് കരാർ രജിസ്റ്റർ ചെയ്തില്ല

ചെക്ക് 359711/29.9.2015 തുക. 140000.00

ചെക്ക് 3989049/6.2..2016 തുക. 60000.00

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വനിത ഭവന നിർമ്മാണം പദ്ധതി (168/16 സ്പിൽ ഓവർ) പ്രകാരം ധന സഹായം കൈപറ്റിയ ശ്രീമതി ദേവകി പള്ളിയാലിൽ എന്ന ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തീയാക്കി മുഴുവൻ തുകയായ 200000 രൂപയും കൈപറ്റിയിട്ടുണ്ട്. എന്നാൽ ഭവന നിർമ്മാണം പദ്ധതി പ്രകാരം ധനസഹായം കൈപറ്റുന്ന ഗുണഭോക്താവ് നിർമ്മിക്കുന്ന വീട് 12 വർഷത്തേക്ക് അന്യാധീനപ്പെടുത്തുകയോ കൈമാറ്റം ചെയ്യുകയോ ഇല്ല എന്നുള്ളതിന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ കരാറെഴുതി രജിസ്റ്റർ ചെയ്യണമെന്ന് 12-ാം പദ്ധതിയുടെ [സ.ഉ (എം.എസ്) 362/13 തീയ്യതി 16.11.2013] സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത ഗുണഭോക്താവ് അപ്രകാരം കരാർ വെച്ചിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 9/2.11.2016 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് കരാർ രജിസ്റ്റർ ചെയ്ത് ഒരാഴ്ചക്കകം പരിശോധനക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി ഗുണഭോക്താവ് കരാർ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 3-6 മരുന്ന് വാങ്ങൽ-അപാകതകൾ

നിർവ്വഹണം: മെഡിക്കൽ ഓഫീസർ ഗവ: ഹോമിയോ ആശുപത്രി പുഴക്കാട്ടിരി

മരുന്ന് ലഭ്യമാക്കിയില്ല

2015 വർഷത്തിൽ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം HOMCO ന് തുക കൈമാറിയിട്ടുണ്ടെങ്കിലും കൈമാറിയ തുകക്കുള്ള മരുന്ന് മുഴവൻ ലഭ്യമാക്കിയിട്ടില്ല. കൂടാതെ ആവശ്യമുള്ളവിധം മരുകൾ ലഭ്യമാക്കുന്നതിന് Homco യുമായി കരാർ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. വിശദ വിവരം ചുവടെ.

| പ്രോജക്ട് | ചെലവഴിച്ച തുക | ബിൽ നമ്പർ | മരുന്ന് ലഭ്യമാക്കിയത് | ഇനിയും ലഭിക്കാനുള്ളത് |
|---|---|---|---|---|
| ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ (No.S0009/16) | 100000 | 1/15-16 /17-9-15 | 50,000 | 50,000 |
| ഹോമിയോ ആശുപത്രിക്ക്മരുന്ന് വാങ്ങൽ (No.S0009/16) | 50,000 | 2/15-16 /16-3-16 | 50,000 | 50,000 |
| ആകെ | | | | 100000 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2( a) 25-10-16 ന് മറുപടി നൽകിയിട്ടില്ല.മരുന്ന് ലഭ്യമാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.അല്ലാത്തപക്ഷം തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-7 അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണം; ഒരു വിശകലനം

2015-16 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 98 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 82 പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. അംഗീകാരം വാങ്ങിയ പദ്ധതികളിൽ 19% ശതമാനവും നടപ്പിലാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ മൊത്തം പദ്ധതി അടങ്കലിന്റെ 44.22%ശതമാനവും അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികൾക്കായാണ് വകയിരുത്തിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിന്റെ മൊത്തം ചെലവിന്റെ 46.31% ചെലവും അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളുടെതാണ്.

ഗ്രാമ പഞ്ചായത്തിൽ 1 അസിസ്റ്റന്റ് എഞ്ചിനീയറും 2 ഓവർസിയറും അടക്കം ആകെ 3 ജീവനക്കാർ മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ഉണ്ടായിരുന്നത്. ഇക്കാലയളവിൽ അസിസ്റ്റന്റ് എഞ്ചിനീയർക്ക് മറ്റൊരു ഗ്രാമ പഞ്ചായത്തിന്റെ ചുമതലയും ഉണ്ടായിരുന്നു. പരിമിതമായ ജീവനക്കാർ മാത്രമായതിനാൽ പദ്ധതി നടപ്പിലാക്കുന്നത് വൈകുന്നതിനും, ചെയ്ത പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും കഴിയുന്നില്ല എന്ന് വ്യക്തമാണ്. മാത്രമല്ല മുഴവൻ പദ്ധതികളും നടപ്പിലാക്കാൻ കഴിയാത്തതിനാൽ പഞ്ചായത്തിന്റെ പദ്ധതി പണം ലാപ്സാവുന്നതിനും ഇത് ഇടയാക്കുന്നു. ഗ്രാമ പഞ്ചായത്തിലെ ഗ്രാമ സഭകളിൽ നിന്ന് ഉയർന്ന് വരുന്നതാണ് ഓരോ പദ്ധതികളും എന്നതിനാൽ പദ്ധതി നടപ്പിലാക്കാതിരിക്കുന്നത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനം ലംഘിക്കുന്നതിന് തുല്യമാണ്. ഇത് ജനങ്ങളെ ഗ്രാമ സഭകളിൽ നിന്നും, പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നതിൽ നിന്ന് പിന്നോട്ട് നിൽകുന്നതിനും കാരണമാകുന്നതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാമ പഞ്ചായത്ത് | | അസിസ്റ്റന്റ് എഞ്ചിനീയർ | | ശതമാനം |
|---|---|---|---|---|
| ആകെ അടങ്കൽ | 43319022 | ആകെ അടങ്കൽ | 19159140 | 44.22% |
| ചെലവ് | 33831038 | ചെലവ് | 15667818 | 46.31% |
| ശതമാനം | 78.09% | ശതമാനം | 81.78% | |

## 3-8 പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന പട്ടികജാതി വിഭാഗങ്ങളിൽ പെട്ട കുട്ടികൾക്ക് ലാപ്പ്ടോപ്പ്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

ബിൽ. 4/28.3.2016 തുക.337680

1. പനങ്ങാങ്ങര ജി.യു.പി സ്കൂൾ ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊഫഷണൽ കോഴ്സിന്

പഠിക്കുന്ന പട്ടികജാതി വിഭാഗങ്ങളിൽ പെട്ട കുട്ടികൾക്ക് ലാപ്ടോപ്പ് എന്ന പദ്ധതി (197/16) പ്രകാരം 8 ലാപ്ടോപ്പ് കമ്പ്യൂട്ടർ വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത കുട്ടികളിൽ ചുവടെ കാണിച്ച 3 പേരുടെ അപേക്ഷയുടെ കൂടെ ആവശ്യമായ മുഴുവൻ രേഖകളും ഉള്ളടക്കം ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | ലഭ്യമല്ലാത്ത രേഖകൾ | മറ്റ് അപാകതകൾ |
|---|---|---|
| കൃഷ്ണപ്രഭ.പി.ടി, W/O സുദീപ്, മുക്കിൽപറമ്പിൽ വീട്, രാമപുരം | – | വരുമാന സർട്ടിഫിക്കറ്റ് ഓങ്ങല്ലൂർ വില്ലേജ് ഓഫീസറുടേതും, ജാതി സ്രട്ടിഫിക്കറ്റ് പട്ടാമ്പി തഹസീൽദാറിൽ നിന്നുള്ളതുമാണ്. |
| വിഷ്ണു.എം, മേൽവീട്ടിൽ വീട് | വരുമാന സർട്ടിഫിക്കറ്റ് | -- |
| ജിഷ.സി.പി | ,, | ജാതി സർട്ടിഫിക്കറ്റ് കൊണ്ടോട്ടി തഹസീൽദാറിൽ നിന്നുള്ളത് |

വിശദീകരണം ആവശ്യപെട്ട് 10/3.11.2016 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയോടൊപ്പം ക്രമ നമ്പർ 2 ആയി പരാമർശിച്ച ശ്രീ വിഷ്ണു എന്ന വിദ്യാർത്ഥിയുടെ പിതാവിന്റെ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കി. എന്നാൽ അപേക്ഷ, ജാതി സർട്ടിഫിക്കറ്റ് എന്നിവയിൽ ഇവരുടെ വീട്ട് പേര് മേൽവീട്ടിൽ എന്നാണ്. ലഭ്യമാക്കിയ വരുമാന സർട്ടിഫിക്കറ്റിൽ കാടേങ്ങൽ മേലേപറമ്പിൽ എന്നാണ്. കൂടാതെ ഈ സർട്ടിഫിക്കറ്റ് മങ്കട പട്ടികജാതി വികസന ഓഫീസിൽ സമർപ്പിക്കാനുള്ളത് എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. രേഖകളിലെ വ്യത്യാസം വിശദീകരിക്കുകയോ രണ്ട് മേൽവിലാസത്തിലും രേഖപ്പെടുത്തിയത് ഒരേ ആൾ തന്നെയാണെന്നതിന് സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. 3 പേരും ഈ പ്രോജക്ട് പ്രകാരം ആനുകൂല്യം കൈപ്പറ്റാൻ അർഹരാണെന്നുള്ളതിന് മതിയായ രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക 126630/- തടസ്സം ചെയ്യുന്നു.

## 3-9 വിനിയോഗ സാക്ഷ്യ പത്രം / രസീത് ഹാജരാക്കിയില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു

പനങ്ങാങ്ങര ജി.യു.പി സ്കൂൾ ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ചെലവുകൾ അതാതിന് നേരെ കാണിച്ച കാരണങ്ങളാൽ തടസ്സം ചെയ്യുന്നു. ആവശ്യമായ രേഖകൾ ലഭ്യമാക്കി അപാകത പരിഹരിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | വൗച്ചർ/ ബിൽ | ചെലവ് തുക | കാരണം |
|---|---|---|---|
| തുല്യത പരീക്ഷക്ക് ഫീസ് അടവാക്കൽ. | ബിൽ. 3/14.3.2016 | 90000 | സംസ്ഥാന സാക്ഷരത മിഷൻ ഡയറക്ടർക്ക് അടവാക്കിയ തുകയുടെ രസീത് ലഭ്യമാക്കിയില്ല |
| SSAവിഹിതം അടവാക്കിയത്.24/16 | 1/28.2.2016 | 1050000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| SSAവിഹിതം അടവാക്കിയത്.25/16 | 2/14.3.2016 | 150000 | ടി |
| ആകെ | | 1290000 | |

രേഖകൾ ലഭ്യമാക്കണമെന്ന് കാണിച്ച് 10/3.11.2016 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് രേഖകൾ ലഭ്യമാക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കി.

## 3-10 നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ ബാങ്ക് അക്കൗണ്ട്.സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധം. തുക തിരിച്ചടവാക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിലെ താഴെപറയുന്ന നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ കേരള ഗ്രാമീൺ ബാങ്ക് പുഴക്കാട്ടിരി ശാഖയിൽ അക്കൗണ്ട് ഉണ്ട്. ആയതിൽ പാസ്ബുക്ക് പ്രകാരം വലിയ തുകകൾ നീക്കിയിരിപ്പുമുണ്ട്. ഈ തുകകളുടെയൊന്നും വിശദാംശങ്ങൾ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരിൽ ഇല്ല. നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ ഇപ്രകാരം തുക അക്കൗണ്ടിൽ സൂക്ഷിക്കുന്നത് സർക്കാർ ഉത്തരവുകൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്കും വിരുദ്ധമാണ്. 12.4.2016 ലെ GO (P)177/06 നമ്പർ ഉത്തരവ് പ്രകാരം വിവിധ ആവശ്യങ്ങൾക്കായി പിൻവലിക്കുന്ന തുകകളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ ഒരു മാസത്തിന് ശേഷം തിരിച്ചടവാക്കേണ്ടതാണ്.

പ്രസ്തുത തുക എത്രയും വേഗം ബന്ധപ്പെട്ട ശീർഷകങ്ങളിലേക്ക് അടയ്ക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അക്കൗണ്ട് നമ്പർ | നീക്കി ബാക്കി |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 40245100106478 | 51201 (1.2.2016) |
| വി.ഇ.ഒ | 40245100105537 | 93026 ( „ ) |
| ഹെഡ് മാസ്റ്റർ. ജി.യു.പി സ്കൂൾ പനങ്ങാങ്ങര | 40245100106398 | 18670 ( „ ) |

ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് പ്രസ്തുത തുക എത്രയും പെട്ടെന്ന് തിരികെ അടവാക്കുന്നതാണെന്ന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ അറിയിക്കുകയുണ്ടായി.

## 3-11 റോഡ് പ്രവൃത്തികൾ സോളിങ്ങ് പ്രവൃത്തിയിൽ അവസാനിപ്പിക്കുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ ചുവടെ പരാമർശിച്ചവ സോളിങ് പ്രവൃത്തികൾ മാത്രം നിർവ്വഹിച്ച് അവസാനിപ്പിച്ചിരിക്കുകയാണ്. സോളിങ്ങ് മാത്രം ചെയ്ത പ്രസ്തുത റോഡുകളിൽ വർഷങ്ങളോളം ഗതാഗതം അനുവദിച്ചാൽ സോളിങ് ഇളകി പോവുന്നതിനും റോഡ് നാശമാവുന്നതിനും കാരണമാകുന്നതാണ്. ഇത് പൊതുപണം ദുർവ്യയം ചെയ്യുന്നതിന് തുല്യവുമാണ്. ചെറിയ പ്രവൃത്തികൾക്ക് വേണ്ടി ഫണ്ട് വീതം വെക്കുന്ന അവസ്ഥ ഒഴിവാക്കി പ്രവൃത്തികൾ പൂർണ്ണമായും ചെയ്യുന്നതിന് ഫണ്ട് വകയിരുത്താൻ ഭരണ സമിതിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം ഇത്തരം 5 പ്രവൃത്തികൾ ഉണ്ടായിരുന്നുവെങ്കിലും 2 പ്രവൃത്തികളിൽ ഈ സാമ്പത്തിക വർഷം ടാറിങ് പ്രവൃത്തികൾക്കായി പ്രൊജക്ട് തയ്യാറാക്കിയതായും ബാക്കിയുള്ളവ പൂർത്തിയാക്കുന്നതിന് ഫണ്ട് വകയിരുത്തുന്നതിന് ഭരണ സമിതിയെ അറിയിക്കുന്നതാണ് എന്നും ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി.

a) മദ്രസ്സ റോഡ് സോളിങ് (72/16)

b) പാലക്കുന്ന് മച്ചിങ്ങൽ റോഡ് സോളിങ് 54/16)

e)പാതിരമണ്ണ തൊട്ടിയിൽ പടി ഇരിമ്പാല ഹുസൈൻ പടി റോഡ് സോളിങ് (57/16)

## 3-12 പരിരക്ഷ - മാർഗ്ഗരേഖ പാലിക്കാതെ ചെലവ് ചെയ്യുന്നു

പാലിയേറ്റീവ് പരിചരണത്തിനായി നിലവിലുണ്ടായിരുന്ന മാർഗ്ഗരേഖ റദ്ദാക്കിക്കൊണ്ട് 29-10-2015- ന് സ.ഉ (ആർ.ടി) 3217/15/ത.സ്വ.ഭ.വ എന്ന നമ്പരിൽ സർക്കാർ പുതിയ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി. മേൽ ഉത്തരവിലെ പല നിർദ്ദേശങ്ങളും മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തുന്ന പ്രോജക്ട് നമ്പർ S011/16 പരിരക്ഷ ഹോം കെയർ പദ്ധതിയിൽ' പാലിച്ചിട്ടില്ലെന്ന് ഫയൽ പരിശോധനയിൽ കണ്ടെത്തി. പ്രോജക്ടുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട പ്രധാന അപാകതകൾ ചുവടെ കൊടുക്കുന്നു.

1) പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനുമായി പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി ഓരോ സാമ്പത്തിക വർഷാരംഭത്തിന് മുമ്പും ഗ്രാമ പഞ്ചായത്ത് രൂപീകരിക്കേണ്ടതും പ്രതിദിന പ്രവർത്തന അവലോകന റിപ്പോർട്ടും വരവ് ചെലവ് കണക്കും ഓരോ മാസവും ഈ യോഗത്തിൽ രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. ഇപ്രകാരം ചെയ്തതായി കാണുന്നില്ല.

2) പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് പോകുന്നതിനായി ഒരു പാലിയേറ്റീവ് നിർവ്വഹണ കമ്മറ്റിയും രൂപീകരിക്കേണ്ടതുണ്ട്. ആയത് രൂപീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

3) 23-08-12 -ലെ സ.ഉ (എം.എസ് )228/2012/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ ഫോൺ ചെലവുകൾ വഹിക്കാൻ അനുമതി

നൽകുന്നുണ്ടെങ്കിലും പുതുക്കിയ മാർഗ്ഗരേഖയിൽ ഫോൺ ചെലവിനെക്കുറിച്ച് പരാമർശിച്ചിട്ടില്ല. നവമ്പർ 2015 മുതൽ മാർച്ച് 2016 വരെ 4 മാസത്തേക്ക് 300*2+200*2 രൂപ വീതം ആകെ 1000- രൂപ ഈയിനത്തിൽ അധികം നൽകിയിട്ടുണ്ട്.(ബിൽ നമ്പർ 6/ 15-16/13-1-16, 14/15-16/26-3-16 )

4) ഹോം കെയർ ദിനങ്ങളിൽ ഗൃഹ സന്ദർശനത്തിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന സന്നദ്ധ പ്രവർത്തകർക്ക് ഭക്ഷണമിനത്തിൽ പരമാവധി 180/- രൂപയേ ചെലവഴിക്കാൻ അനുമതിയുള്ളൂ. എന്നാൽ താഴെ പറയും വിധം2010 രൂപ അധികം നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവുകൾ കർശനമായും പാലിക്കേണ്ടതാണ്.

| തീയതി | ചെലവഴിച്ച തുക | അധികമായി ചെലവഴിച്ചത് | ബിൽ നമ്പർ/ തീയതി |
|---|---|---|---|
| 31-10-15 | 290 | 110 | 6/15-16/13-1-16 |
| 02-11-15 | 280 | 100 | -ടി- |
| 07-11-15 | 270 | 90 | -ടി- |
| 09-11-15 | 260 | 80 | -ടി- |
| 12-11-15 | 270 | 90 | -ടി- |
| 13-11-12 | 360 | 180 | -ടി- |
| 17-11-15 | 280 | 100 | -ടി- |
| 19-11-15 | 260 | 80 | -ടി- |
| 21-11-15 | 260 | 80 | -ടി- |
| 24-11-15 | 260 | 80 | -ടി- |
| 26-11-15 | 270 | 90 | -ടി- |
| 28-11-15 | 260 | 80 | -ടി- |
| 30-11-15 | 280 | 100 | -ടി- |
| 05-12-15 | 250 | 70 | 14/15-16/26-3-16 |
| 08-12-15 | 270 | 90 | -ടി- |
| 10-12-15 | 320 | 140 | -ടി- |
| 14-12-15 | 360 | 180 | -ടി- |
| 15-12-15 | 280 | 100 | -ടി- |
| 22-12-16 | 260 | 80 | -ടി- |
| 26-12-16 | 270 | 90 | -ടി- |
| ആകെ | | 2010 | |

5) പാലിയേറ്റീവ് കെയർ പ്രോജക്റ്റിന് വേണ്ടിയുള്ള എല്ലാ ചെലവുകളും (ഗൃഹ സന്ദർശനദിവസങ്ങളിൽ സന്നദ്ധ പ്രവർത്തകർക്കുള്ള ഭക്ഷണ ചെലവ് ഒഴികെ) ആർക്കാണോ തുക നൽകേണ്ടത്, ആ വ്യക്തിയുടെ / സ്ഥാപനത്തിന്റെ അക്കൌണ്ടിലേക്ക് നൽകുകയാണ് ചെയ്യേണ്ടത്. യാതൊരു കാരണവശാലും പണമായോ ,ചെക്കായോ, ഡിമാന്റ് ഡ്രാഫ്റ്റായോ തുക ചെലവഴിക്കാൻ പാടില്ല. എന്ന നിബന്ധനയും പാലിച്ചിട്ടില്ല.

6)ഹോം കെയർ ദിനങ്ങളിൽ ഗൃഹ സന്ദർശനത്തിന് വാഹന വാടകയിനത്തിൽ പരമാവധി ഒരു ദിവസത്തേക്ക് 1100 (45 കി.മീ. അധികമായാൽ) രൂപയേ ചെലവഴിക്കാൻ അനുമതിയുള്ളൂ. എന്നാൽ താഴെ പറയും വിധം 2000രൂപ അധികം നൽകിയിട്ടുണ്ട്. (ട്രിപ്പ് ഷീറ്റിൽ കിലോ മീറ്റർ രേഖപ്പെടുത്തുന്നില്ല.)

| തീയതി | ചെലവഴിച്ച തുക | അധികമായി ചെലവഴിച്ചത് | ബിൽ നമ്പർ/ തീയതി |
|---|---|---|---|
| 31-10-15 | 1200 | 100 | 6/15-16/13-1-16 |
| 02-11-15 | 1200 | 100 | -ടി- |
| 07-11-15 | 1200 | 100 | -ടി- |

| | | | |
|---|---|---|---|
| 09-11-15 | 1200 | 100 | -ടി- |
| 12-11-15 | 1200 | 100 | -ടി- |
| 17-11-15 | 1200 | 100 | -ടി- |
| 19-11-15 | 1200 | 100 | -ടി- |
| 21-11-15 | 1200 | 100 | -ടി- |
| 24-11-15 | 1200 | 100 | -ടി- |
| 26-11-15 | 1200 | 100 | -ടി- |
| 28-11-15 | 1200 | 100 | -ടി- |
| 30-11-15 | 1200 | 100 | -ടി- |
| 05-12-15 | 1200 | 100 | 14/15-16/26-3-16 |
| 08-12-15 | 1200 | 100 | -ടി- |
| 10-12-15 | 1200 | 100 | -ടി- |
| 14-12-15 | 1200 | 100 | -ടി- |
| 15-12-15 | 1200 | 100 | -ടി- |
| 17-12-16 | 1200 | 100 | -ടി- |
| 22-12-16 | 1200 | 100 | -ടി- |
| 26-12-15 | 1200 | 100 | -ടി- |
| ആകെ | | 2000 | |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6-/1-11-16 ന് നൽകിയ മറുപടിയിൽ ഉത്തരവിനെ കുറിച്ച് അറിവില്ലാത്തത് കൊണ്ടാണ് ഇപ്രകാരം തുക നൽകിയത് എന്ന് അറിയിച്ചു. ഫോൺ ചാർജ് വണ്ടി വാടക എന്നിവയിൽ അധികം നൽകിയ 3000 രൂപ മെഡിക്കൽ ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-13 നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം. മുഴുവൻ തുകയും യഥാസമയം അടവാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്ന് ഈടാക്കിയ നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം യഥാസമയം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ അടവാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. 82 പ്രവൃത്തികളിൽ നിന്നായി ആകെ 154148 രൂപ ക്ഷേമ നിധി വിഹിതമായി ഈടാക്കിയിരുന്നുവെങ്കിലും 133315രൂപ അടവാക്കിയതിന്റെ രേഖകൾ മാത്രമാണ് ഹാജരാക്കിയത്.

ഓഡിറ്റ് എൻക്വയറി (13/4.11.2016) നൽകിയതിനെ തുടർന്ന് അവശേഷിക്കുന്ന തുക അടവാക്കിയതിന്റെ രേഖകൾ കൂടി ഹാജരാക്കുകയുണ്ടായി. മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും വിവിധ സ്ഥാപനങ്ങളിലേക്ക് അടവാക്കാനായി ഈടാക്കുന്ന തുകകൾ യഥാസമയം അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

154148 രൂപയുടെ രസീതുകളും ക്ഷേമ നിധി ബോർഡിൽ നിന്ന് ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-14 GI പൈപ്പിന് അധിക നിരക്ക് നൽകി. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 7178 രൂപ അടവാക്കി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച കുടിവെള്ള പദ്ധതി പ്രവൃത്തികളിൽ GIപൈപ്പിന് അധിക നിരക്ക് നൽകിയിരുന്നു. പ്രവൃത്തികളിൽ നിരപ്പായ പ്രതലത്തിൽ (മണ്ണിന് മുകളിൽ) GIപൈപ്പിടുക മാത്രമാണ് ചെയ്തിട്ടുള്ളത്. അത്കൊണ്ട് തന്നെ പ്രവൃത്തികളിൽ Earth trenching & refilfling എന്ന പ്രവൃത്തി നടന്നിട്ടില്ല. ആയതിനാൽ Trenching and back filling ഇല്ലാത്തതിനാൽ @ 377/E നൽകേണ്ടതില്ല. ഇപ്രകാരം തുക നൽകിയത് വഴിയാണ് അധിക തുക നൽകാനിടയായത്.

അധിക തുക നൽകിയത് ഈടാക്കണമെന്ന് കാണിച്ച് 8/2.11.2016 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിനെ

തുടർന്ന് 7178 രൂപ 1161210417/3/11/2016 നമ്പർ രസീത് പ്രകാരം അടവാക്കിയതായി അസിസ്റ്റന്റ് അറിയിച്ചു. അപാകതകൾ ആവർത്തിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഉപയോഗിച്ച പൈപ്പ് | അനുവദനീയമായ തുക | നൽകിയ തുക | അധികം |
|---|---|---|---|---|
| പനങ്ങാങ്ങര മേക്കുളമ്പ് കുടിവെള്ള പദ്ധതി (165/16) | 102 M | 21649.50<br>@212..25/M | 27693<br>@271.5/M | 6044 |
| മുളയത്ത് കുളമ്പ് കുടിവെള്ള പദ്ധതി (161/16) കരാർ പ്രവൃത്തി | 18M | 5310<br>@295/M | 6444<br>@358 | 1134 |

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1. സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| മങ്കട<br>ബ്ളോക് പഞ്ചായത്ത് | 2015-16 | 300000 | കൊങ്ങംപാറ ഉരുണിയൻ കുളമ്പ് അംഗൻവാടി<br>നിർമ്മാണം | 300000 | - |

### 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച /വരവില്ല 16091രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1988-89 | 12 | 283 | വി.വി.മുഹമ്മദ്കുട്ടി | 11512102367/18.1.2016 |
| ,, | 22 | 500 | എം.പി.നന്ദകുമാർ | 1151210238/18.1.2016 |
| 1991-92 | 8(2)<br>11 | 1066<br>1367 | ,, | 11512102458/22.1.2016 |
| 92-93,93-94 | 17 | 250 | പി.രാമകൃഷ്ണൻ | 11512102369/18.1.2016 |
| 94-95,95-96 | 21(1)<br>21(2) | 400<br>750 | കെ.വി.മാലതി<br>,, | 11512102927/28.2.16<br>11512102928/28.2.16 |

| | | | | |
|---|---|---|---|---|
| | 27<br>33(2)<br>18 | 507<br>90<br>77 | ,,<br>ക.ഗോപാലകൃഷ്ണൻകെ.വി.മാലതി | 11512102927/28.2.16<br>11512102930/28.2.16<br>11512102926/28.2.16 |
| 96-97 | 68<br>69 | 115<br>460 | ദാക്ഷായണികുട്ടി<br>,, | 11512101933/16.12.15 |
| 99-00 | 3(2)<br>2(2)<br>2(4) | 100<br>91<br>35 | പി.ജനാർദ്ധനൻ<br>,,<br>,, | 1151210170/18.1.16<br>1151210171/18.1.16<br>1151210172/18.1.16 |
| 03-04 | | 10000 | സുശീല തെക്കേതിൽ | 11512100577/8.9.15 |

ആകെ 16091

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | 3(6) | 2008-09 | | സമഗ്ര ആരേഗ്യ ഇൻഷ്വറൻസ് തുക തിരിച്ചടവാക്കിയില്ല | |
| 2010-11 | 3(18) | 2013-14 | | ലഘു അവലോകനം | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 34797418 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 41841156: |
| വരവിനങ്ങളിലുള്ള നഷ്ടം | 9013 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2738836 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | | ശ്രീ .ഷറഫുദ്ധീൻ .കെ സെക്രട്ടറി |
| 2-2 | 4613 | | ശ്രീ .ഷറഫുദ്ധീൻ .കെ സെക്രട്ടറി |
| 2-3 (5) | 800 | | ശ്രീ .ഷറഫുദ്ധീൻ .കെ സെക്രട്ടറി |

| | | | |
|---|---|---|---|
| 2-3 (6) | 4400 | | ശ്രീ .ഷറഫുദ്ധീൻ .കെ സെക്രട്ടറി |
| 2-4 | 30370 | | ശ്രീ .ഷറഫുദ്ധീൻ .കെ സെക്രട്ടറി |
| 3-12 | | 3000 | ഷബാന ഷംസ് മെഡിക്കൽ ഓഫീസർ (CHC) |
| ആകെ | 9013 | 3000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1199406 | ശ്രീ .ഷറഫുദ്ധീൻ .കെ സെക്രട്ടറി |
| 3-2 | 122800 | ശ്രീ .ഷറഫുദ്ധീൻ .കെ സെക്രട്ടറി |
| 3-8 | 126630 | ശ്രീ. ഹരിദാസൻ, ഹെഡ്മാസ്റ്റർ |
| 3-9 | 1290000 | ശ്രീ. ഹരിദാസൻ, ഹെഡ്മാസ്റ്റർ |
| ആകെ | 2738836 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ .ഷറഫുദ്ധീൻ .കെ സെക്രട്ടറി | സെക്രട്ടറി ,കുറുവ ഗ്രാമപഞ്ചയത്ത് | ഇടുക്കുമ്പൻ ഹൗസ് മങ്കട ,പള്ളിപ്പുറം 679324 |
| ശ്രീമതി ഷബാന ഷംസ് | മെഡിക്കൽ ഓഫീസർ സി.എച്ച്.സി പുഴക്കാട്ടിരി | കെ,കെ,ബി ഹൗസ് നിയർ മുനിസിപ്പൽ ഓഫീസ് കാലിക്കറ്റ് റോഡ് മഞ്ചരി |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽഎഫ്.എം.14/698/03/28.10.10 | 41 | |
| 1997-98 | എൽ.എഫ്.എം. 14 /348/01 /14.02.11 | 29 | |
| 1998-99 | എൽ.എഫ്.എം.14 / 746/03 /14.02.11 | 16 | |
| 1999-00 | എൽ.എഫ്.എം.15/1580 /06/14.02.11 | 12 | |
| 2000-01 | എൽ.എഫ്.എം.12/ 1530/06 /14.02.11 | 03 | |

| | | | |
|---|---|---|---|
| 2001-02 | എൽ.എഫ്.എം.12/ 2162/07/14.02.11 | 17 | |
| 1999-00മുതൽ 2001-02 (ചെലവ്) | എൽ.എഫ്.എം. 12 / 931/04 /14.02.11 | 07 | |
| 2002-03 | എൽ.എഫ്.എം. 12 /69/ 08/14.02.11 | 24 | |
| 2003-04 | എൽ.എഫ്.എം.12/ 70/08/14.02.11 | 19 | |
| 2004-05 | എൽ.എഫ്.എം.12/71/ 08 /14.02.11 | 30 | |
| 2005-06 | എൽ.എഫ്.എം.12/ 1169/08/14.02.11 | 28 | |
| 2006-07 | എൽ.എഫ്.എം.12/1170 /08/14.02.11 | 17 | |
| 2007-08 | എൽ.എഫ്.എം14./ 2473/13 /20.06.14 | 06 | |
| 2008-09 | എൽ.എഫ്.എം.14/2474 /13/20.06.14 | 10 | |
| 2009-10 | എൽ.എഫ്.എം14./ 2475/13/ 20.06.14 | 09 | |
| 2010-11 | എൽ.എഫ്.എം. 14 /204 /14/ 07.02.14 | 13 | |
| 2011-12,2012-13 | കെ.എസ്.എ.എം.പി.എം.14 /1553/2015തി.18.8.15 | 30 | |
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം/14 /2011/2016 തി.3.8.2016 | 20 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure-1

## ഓഡിറ്റ് സാക്ഷ്യപത്രം 2015-16

കെ എസ് എ എം പി എം.14/3025/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951

ഇ-മെയിൽ: dompm.ksad@kerala.gov.in

തീയ്യതി 24.10.2016

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം

# ANNEXURE-2

# AUDIT CERTIFICATE

No. KSA/MPM-14/3025/2016

Kerala State Audit Department

District Audit office ,Malappuram

Phone: 0483 -2734951

Email: dompm.ksad@kerala.gov.in

Date: 24.10.2016

Certified that I have audited the Annual Financial Statement of Puzhakkattiri Grama panchayath in Malappuram District of the year ended on 31.3.2016 in accordance with section 4 of the Kerala Local Fund Audit Act 1994. Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Puzhakkattiri Grama panchayath for the year 2015-16 except the observations in My audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Malappuram